# നാൾവഴികൾ

**ആദർശ വ്യതിയാനത്തെ സംബന്ധിച്ച പ്രശ്നം സംഘടനയിലുണ്ടായിരുന്നു.**

പ്രശ്നം കേരള ജംഇയ്യത്തുൽ ഉലമയുടെ മുമ്പാകെ കൊണ്ടുവരാനും പരസ്പരം ചർച്ച ചെയ്യാനും തീരുമാനിച്ചു.

രണ്ടു വിഭാഗത്തിൽ നിന്നും പത്തു പണ്ഡിതൻമാർ വീതം കെജെയുവിൻെറ മുമ്പാകെ അവരവരുടെ വാദങ്ങൾ അവതരിപ്പിച്ചു. ഒരു പകലും രാവും നടന്ന ചർച്ചയിൽ രണ്ടു കൂട്ടരും സുപ്രധാനമായ തീരുമാനങ്ങളിലെത്തുകയുണ്ടായി.

ആരോപണം ഉന്നയിക്കപ്പെട്ടവർ തങ്ങളെപ്പറ്റി പറഞ്ഞതായ കാര്യങ്ങൾ മുഴുവനും നിഷേധിക്കുകയും തങ്ങൾക്ക് പ്രസ്തുത വിഷയങ്ങളിൽ വല്ല വീഴ്ചയും വന്നിട്ടുണ്ടെങ്കിൽ തിരുത്താമെന്ന് സമ്മതിക്കുകയും ചെയ്തു.

ആരോപണം ഉന്നയിച്ചവരാകട്ടെ തങ്ങളുടെ സഹോദരങ്ങൾ 'തെറ്റുണ്ടെങ്കിൽ തിരുത്താ'മെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുകയും സന്തോഷപൂർവം രണ്ടു കൂട്ടരും പിരിയുകയും ചെയ്തു.

അങ്ങനെ കെ.ജെ.യുവിൻെറ പണ്ഡിതൻമാർ പ്രസ്തുത ചർച്ചയിൽ നിന്ന് ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ എഴുതിയുണ്ടാക്കുകയും രണ്ടു വിഭാഗത്തിലെ പണ്ഡതരെക്കൊണ്ടും പേരെഴുതി ഒപ്പു വെപ്പിക്കുകയുമുണ്ടായി.

**അൽഹംദുലില്ലാഹ്. വ്യതിയാനവും വ്യതിയാനാരോപണവും ഒക്കെ, പണ്ഡിത സഭയുടെ മുമ്പാകെ അലിഞ്ഞില്ലാതായപ്പോൾ എല്ലാവരും സമാധാനിച്ചു. സന്തോഷിച്ചു. അല്ലാഹുവിനെ സ്തുതിച്ചു.**

ഇതിനിടയിലാണ്, പണ്ഡിത സഭയുടെ മുമ്പാകെ അംഗീകരിച്ചതും സമ്മതിച്ചതുമായ സകല കാര്യങ്ങളേയും ആരോപണങ്ങളേയും മുമ്പത്തേക്കാൾ ന്യായീകരിച്ചു കൊണ്ടും, നമ്മുടെ പണ്ഡിതൻമാരെ പൊതുസമൂഹത്തിൽ അവഹേളിക്കുന്ന വിധത്തിലുള്ള പ്രസ്താവനകൾ ഉൾക്കൊള്ളിച്ചു കൊണ്ടും 'നീലപ്പുസ്തകം' എന്ന പേരിൽ ഒരു ക്ഷുദ്രകൃതി 'സലഫി പബ്ളിക്കേഷൻ' എന്ന വ്യാജ ലേബലിൽ പുറത്തിറങ്ങുന്നത്. എഴുതിയ ആളിൻെറ പേരില്ല.

സ്വാഭാവികമായും മുജാഹിദു സംഘടനയിലുണ്ടായ ഭിന്നിപ്പ് രമ്യമായിത്തീർന്നതിൽ അരിശംപൂണ്ട ഏതൊ ദുശ്ശക്തികളാണ് ഇതിൻെറ പിന്നിൽ എന്നു മനസിലാക്കിയ കെ.എൻ.എം നേതൃത്വം പ്രസ്തുത പുസ്തകത്തിൻെറ ഉറവിടം കണ്ടെത്താൻ ശ്രമിക്കുകയുണ്ടായി. അതിന്ന് ഒരു സമിതിയും ഉണ്ടാക്കി. രണ്ടു വി

ഭാഗത്തിലെയും ഒരാളും പ്രസ്തുത അന്വേഷണത്തിന് എതിരല്ലായിരുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

അന്വേഷണ സമിതി നിശിതമായ അന്വേഷണങ്ങൾക്കും സാക്ഷിവിസ്താരങ്ങൾക്കും ഒടുവിൽ അന്നത്തെ ഐ.എസ്.എം നേതൃത്വത്തിനും മർക്കസുദ്ദഅ്‌വക്കും നീലപ്പുസ്തകത്തിന്റെ രചനയിലും അച്ചടിയിലും വിതരണത്തിലും നേരിട്ട് പങ്കുണ്ടെന്ന് കണ്ടെത്തി. വിശ്വാസികൾ തമ്മിൽ ഏർപ്പെട്ട സുപ്രധാനമായ സന്ധിയെ തകർക്കുന്നതാണ് ഈ പ്രവർത്തനം എന്നു മനസിലാക്കിയ കെ.എൻ.എം നേതൃത്വം ഈ അച്ചടക്ക രാഹിത്യത്തിനെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനം നടപ്പിലാക്കാതിരിക്കാൻ വല്ല കാരണവുമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഐ. എസ്. എം നേതാക്കൾക്ക് കത്ത് നൽകുകയുണ്ടായി. പ്രസ്തുത കത്തിന് ധാർഷ്ട്യം നിറഞ്ഞ മറുപടിയാണ് അവർ നൽകിയത്. മാത്രമല്ല, പ്രസ്തുത പുസ്തകത്തിന്റെ ഉത്തരവാദിത്തത്തെ അവർ നിഷേധിക്കുകയും ചെയ്തു.

അവരുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ അവർക്കെതിരെ ശിക്ഷാനടപടി കൈക്കൊള്ളാൻ കെ.എൻ.എം കൗൺസിൽ തീരുമാനിച്ചു. എന്നാൽ ശിക്ഷാനടപടി പാടില്ല എന്ന് പറഞ്ഞ് ഒമ്പതു പേർ അവരുടെ വിയോജിപ്പ് രേഖപ്പെടുത്തി. അങ്ങനെ ബഹുഭൂരിപക്ഷത്തിന്റെ അംഗീകാരത്തോടെ ഐ.എസ്.എമ്മിന്റെ അന്നത്തെ ഭാരവാഹികളായ മുപ്പത്തഞ്ചു പേരെ സ്ഥാനഭ്രഷ്ടരാക്കുകയും ഒരു അഡ്ഹോക്ക് കമ്മറ്റിയെ നിശ്ചയിക്കുകയും ചെയ്തു. എന്നാൽ സ്ഥാന ഭ്രഷ്ടരാക്കിയത് എന്നന്നേക്കുമായിട്ടല്ലായിരുന്നു. തെറ്റുതിരുത്തി മാപ്പു പറഞ്ഞാൽ അവരെത്തന്നെ സംഘനടയെ ഏൽപ്പിച്ചു കൊടുക്കാൻ തയ്യാറാണ് എന്ന് രേഖപ്പെടുത്തിയിട്ടാണ് അങ്ങനെ ചെയ്തത്.

ജനാധിപത്യ വ്യവസ്ഥിതിക്കനുസൃതമായി പ്രവർത്തിക്കുന്ന ഏതൊരു സംഘടനക്കും അതിന്റെ നിയമാവലികളും അച്ചടക്ക രീതികളുമുണ്ടാകും. ഒരു സംഘടനയിലെ ഭൂരിപക്ഷത്തെയാണ് അഭിപ്രായ രൂപീകരണത്തിന് അടിസ്ഥാനമായി കണക്കാക്കാറ്. അച്ചടക്ക നടപടിയോട് മടവൂർ അടക്കമുള്ള ഒമ്പതു പേരുടെ വിയോജിപ്പ് രേഖപ്പെടുത്തിയ കൗൺസിൽ തീരുമാനം ബഹുഭൂരിപക്ഷത്തിന്റേതായിരുന്നു. അതിനാൽ തീർച്ചയായും ആ ഒമ്പതു പേർ പ്രസ്തുത തീരുമാനം നടപ്പിലാകുന്നതിന് തടസം നിൽക്കാതിരിക്കുകയായിരുന്നു വേണ്ടിയിരുന്നത്. അതാണ് സംഘടനാ രംഗത്തെ ജനാധിപത്യ മര്യാദ. മാത്രമല്ല, മാറ്റിനിർത്തപ്പെട്ട ഐ.എസ്.എം ഭാരവാഹികളെ കണ്ട്, തെറ്റു തിരുത്തിക്കാനും സംഘടനാ അച്ചടക്കം പാലിക്കാനും അവരെ ഉപദേശിക്കുകയും ചെയ്യേണ്ടിയിരുന്നു.

പക്ഷെ സംഭവിച്ചത് എന്താണ്?

## സുപ്രധാന പോയിൻറുകൾ:

സംഘടയിൽ പ്രശ്നമുണ്ടായിരുന്നു.
അവ മുഴുവൻ കെജെയുവിൻെറ മുന്നിൽ വെച്ച് രമ്യതയിൽത്തീർന്നു.
അതിനെ തുരകം വെക്കും വിധം ഒരു ക്ഷുദ്രകൃതി വിതരണം ചെയ്യപ്പെട്ടു.
കെ.എൻ.എം നേതൃത്വം അന്വേഷണം നടത്തിയത് പഴയ കാര്യങ്ങളെപ്പറ്റിയല്ല, മറിച്ച് ഈ പുസ്തകത്തിൻെറ ഉദ്ഭവത്തെപ്പറ്റിയും വിതരണ കേന്ദ്രത്തെപ്പറ്റിയുമായിരുന്നു.
ഈ അന്വേഷണത്തെയൊ അന്വേഷണ റിപ്പോർട്ടിനേയൊ രണ്ടുവിഭാഗത്തിലേയും ഒരാളും എതിർത്തിരുന്നില്ല.
അച്ചടക്ക നടപടിയെ മാത്രമാണ് എതിർത്തത്. അതും ഒമ്പതു പേർ മാത്രം ബാക്കി ഇരുപത്തി ഒന്നിലധികം ആളുകൾ അനുകൂലിക്കുകയാണ് ചെയ്തത്.
പിരിച്ചു വിട്ടത് അന്നത്തെ ഐ.എസ്.എമ്മിൻെറ ഭാരവാഹികളെ മാത്രമാണ്.
അച്ചടക്ക നടപടിയെ എതിർത്ത, ഹുസൈൻ മടവൂർ, കെ. കെ. മുഹമ്മദ് സുല്ലമി, ഉമർ സുല്ലമി, എൻ.വി. അബ്ദുറഹ്മാൻ തുടങ്ങിയ ആളുകളെ സംഘടയിൽ നിന്നും പുറത്താക്കിയിട്ടേയില്ല.

## ഇനി പറയുക:

1. പുറത്താക്കപ്പെടാത്ത ഈ പണ്ഡിതരും നേതാക്കൻമാരും പുറത്താക്കപ്പെട്ട ഐ.എസ്.എമ്മിൻെറ ആളുകൾ ചെയ്യേണ്ടിയിരുന്ന പണി എന്തിനു ചെയ്തു?
2. എന്തിന് ഒമ്പതു പേർ ചേർന്ന് കെ.എൻ.എമ്മിൻെറ നേതാക്കൻമാരെ പുറത്താക്കിയ പ്രസ്താവനയിറക്കി.
3. തുടർന്ന് എന്തിനാണ് സമാന്തര സംഘടനകൾ പടച്ചുണ്ടാക്കിയത്?
4. സംഘടനാ പിളർപ്പിനു ശേഷം ഐ.എസ്.എം, കെ.എൻ.എമ്മിൻെറ പോഷക ഘടകമല്ല എന്നു പറഞ്ഞു?
5. കെ.എൻ.എമ്മിന് ഞങ്ങളെ പുറത്താക്കാൻ അധികാരമില്ല എന്നു പറഞ്ഞു?
6. കെ.എൻ.എം അറിയാതെ രണ്ടായിരത്തിൽ തന്നെ ഐ.എസ്.എമ്മിനെ സ്വതന്ത്രമായി രജിസ്റ്റർ ചെയ്തതെന്തിന്? (രണ്ടായിരത്തി രണ്ടിലാണ് സംഘടന പിരിയുന്നത് എന്ന് ഓർക്കണം)
7. നദ്വത്തുൽ മുജാഹിദീൻ കേരള (എൻ.എം.കെ) എന്ന പേരിൽ പുതിയ സംഘടന രജിസ്റ്റർ ചെയ്തത് എന്തിന്? (അവരുടെ ഒന്നാം സമ്മേളനം ഈ പേരിലായിരുന്നു നടത്തിയിരുന്നത്)

പിളർപ്പിലേക്കെത്തിയ പ്രശ്നങ്ങൾ ഈ ഒരൊറ്റ **"നീലപ്പുസ്തകം"** കൊണ്ടായിരുന്നു. **അതിൻെറ ഉത്തരവാദിത്തം ഏറ്റെടുക്കുകയും, ഞങ്ങൾക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്, അതിനാൽ ക്ഷമിക്കണം എന്ന് മാപ്പു ചോദിക്കുകയും** ചെയ്തിരുന്നുവെങ്കിൽ ഇത്തരമൊരു പര്യവസാനം ഉണ്ടാകില്ലായിരുന്നു.

എന്നാൽ ഞങ്ങൾ തന്നെയാണ് ആ പുസ്തകത്തിൻെറ പിന്നിൽ പ്രവർത്തിച്ചിരുന്നത് എന്ന് അവരുടെ നേതാവ് അസ്ഗറലി സാഹിബ് ഇപ്പോൾ വ്യക്തമായി പറയുന്നു.

ഇതെല്ലാം അറിയിക്കുന്നത് മടവൂരും കൂട്ടരും ഈ സംഘടനയെ മറ്റെവിടെയൊ കൊണ്ടു പോയിക്കെട്ടാൻ ബോധപൂർവം ശ്രമിച്ചിരുന്നു എന്നാണ്.

**ഓർമ്മിക്കുക:**

ആദർശ രംഗത്ത് ഉണ്ടായിരുന്ന വ്യതിയാന ചിന്തകളും പ്രവണതകളും കെ.ജെ.യുവിൻെറ മുന്നിൽ വെച്ച് തീർന്നതാണ്
തുടർന്നുണ്ടായ നീലപ്പുസ്തക നിർമ്മാണവും വിതരണവുമാണ് പ്രശ്നം സങ്കീർണ്ണമാക്കിയത്.
കെ.എൻ.എം നേതൃത്വം വിട്ടുവീഴ്ചകൾ നടത്തിയിട്ടും ഈ ദുരിതമുണ്ടാക്കിയത് മടവൂരും കൂട്ടരും തന്നെയല്ലെ.
എവിടെയാണ് കെ.എൻ.എം നേതൃത്വത്തിന് വീഴ്ച വന്നിട്ടുള്ളത്?

## ഇനിപറയുക നാം ആരുടെ കൂടെ നിൽക്കരുത്?